"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2024 ജൂലൈ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ(എസ് എഫ് സി - ബി) വകുപ്പ്**

സ.ഉ (സാധാ) നം.5729/2024/ധന തീയതി,തിരുവനന്തപുരം,25/07/2024

പരാമർശം:-
1. സ.ഉ (എം.എസ്) നം.16/2021/ധന തീയതി 03/02/2021
2. സ.ഉ (സാധാ) നം.5273/2023/ധന തീയതി 13/07/2023
3. സ.ഉ (സാധാ) നം.5953/2023/ധന തീയതി 11/08/2023
4. സ.ഉ (സാധാ) നം.8019/2023/ധന തീയതി 16/11/2023
5. സ.ഉ (സാധാ) നം.8967/2023/ധന തീയതി 19/12/2023
6. സ.ഉ (സാധാ) നം.2235/2024/ധന തീയതി 07/03/2024
7. സ.ഉ (സാധാ) നം.2285/2024/ധന തീയതി 11/03/2024
8. സ.ഉ (സാധാ) നം.2438/2024/ധന തീയതി 15/03/2024
9. സ.ഉ (സാധാ) നം.5055/2024/ധന തീയതി 26/06/2024
10. പഞ്ചായത്ത് ഡയറക്ടറുടെ 24/07/2024 തീയതിയിലെ LSGD/PD/14976/2024-SSP2 നമ്പർ കത്ത്
11. 24/07/2024 തീയതിയിൽ കെ എസ് എസ് പി എൽ / പഞ്ചായത്ത് ഡയറക്ടർ-ക്ക് നൽകിയ 2797620/SFC-B1/153/2024-ധന നമ്പർ കത്ത്

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താത്പര്യ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നല്കിവരുന്നു. പരാമർശം (9) പ്രകാരം 2024 ജൂൺ മാസം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. 4912244 ഗുണഭോക്താക്കൾക്ക് 2024 ജൂലൈ മാസം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 728,02,19,100/- രൂപ (എഴുന്നൂറ്റി ഇരുപത്തി എട്ട് കോടി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി ഒരു നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (10) പ്രകാരം എൽ.എസ്.ജി.ഡി റൂറൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (NSAP) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി

ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 755812 ഗുണഭോക്താക്കൾക്ക് NSAP വിഹിതം നൽകുന്നതിനായി 20,74,23,000/- രൂപ (ഇരുപത് കോടി എഴുപത്തി നാല് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) ആവശ്യമാണെന്നും അറിയിച്ചിട്ടുള്ളതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും e- office ലെ സാങ്കേതിക തടസ്സം മൂലം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പരാമർശം (11) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്കും കെ.എസ്.എസ്.പി.എൽ -നും നിർദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ 4912244 ഗുണഭോക്താക്കൾക്ക് 2024 ജൂലൈ മാസം ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 728,02,19,100/- രൂപ (എഴുന്നൂറ്റി ഇരുപത്തി എട്ട് കോടി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി ഒരു നൂറ് രൂപ മാത്രം) സംസ്ഥാനത്തിന്റെ വിഹിതമായി വിതരണം ചെയ്യുന്നതിന് പരാമർശം (11) പ്രകാരം നിർദേശം നൽകിയ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2024 ജൂലൈ മാസത്തിൽ 4912244 ഗുണഭോക്താക്കൾക്ക് (ബാങ്ക് 2585045 + ഡി.ടു.എച്ച് 2327199) ഒരു മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നതിന് ആവശ്യമായ തുകയായ 728,02,19,100/- രൂപയിൽ നിന്നും (എഴുന്നൂറ്റി ഇരുപത്തി എട്ട് കോടി രണ്ട് ലക്ഷത്തി പത്തൊൻപതിനായിരത്തി ഒരു നൂറ് രൂപ മാത്രം) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 373,06,40,300/- രൂപയിൽ (മുന്നൂറ്റി എഴുപത്തി മൂന്ന് കോടി ആറ് ലക്ഷത്തി നാൽപ്പതിനായിരത്തി മുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 1,00,20,175/- രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 372,06,20,125/- രൂപ (മുന്നൂറ്റി എഴുപത്തി രണ്ട് കോടി ആറ് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ:67234515304 (IFS Code : SBIN0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 354,95,78,800/- രൂപ (മുന്നൂറ്റി അൻപത്തി നാല് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി എണ്ണൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ: 799012100000001), കേരള സോഷ്യൽ

സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്സർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെയും ഇത്തരത്തിൽ ട്രാൻസ്സർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

4. കൂടാതെ, ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ (NSAP) വരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ എന്നിവയിലെ 755812 ഗുണഭോക്താക്കൾക്ക് NSAP വിഹിതം നൽകുന്നതിനായി 20,74,23,000/- രൂപ (ഇരുപത് കോടി എഴുപത്തി നാല് ലക്ഷത്തി ഇരുപത്തി മൂവായിരം രൂപ മാത്രം) എൽ.എസ്.ജി.ഡി റൂറൽ ഡയറക്ടറുടെ എസ്.എൻ.എ. അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് നൽകുന്നതിനും നിർദേശം നൽകിയിട്ടുള്ളതാണ്. ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ(റൂറൽ) 2235-03-101-99-01 എന്ന ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ കണക്ക് ശീർഷകത്തിൽ 10,56,12,900/- രൂപയും 2235-02-101-54-01 എന്ന ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ കണക്ക് ശീർഷകത്തിൽ 55,95,600/- രൂപയും 2235-60-102-88-01 എന്ന ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ കണക്ക് ശീർഷകത്തിൽ 9,62,14,500/- രൂപയും അനുവദിച്ചാൽ മതിയാകും.

| കണക്ക് ശീർഷകം | പെൻഷൻ ഇനം | തുക |
|---|---|---|
| 2235-03-101-99-01 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10,56,12,900/- |
| 2235-02-101-54-01 | ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 55,95,600/- |
| 2235-60-102-88-01 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ | 9,62,14,500/- |

5. പരാമർശം (11) പ്രകാരം 24/07/2024 മുതൽ ആരംഭിച്ച പെൻഷൻ വിതരണ നടപടികൾ 05/08/2024- നുള്ളിൽ പൂർത്തീകരിയ്ക്കേണ്ടതും വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 2024 ആഗസ്റ്റ് 15-നകം കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK0000101) തിരിച്ചടയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി അനിൽ പ്രസാദ്
അഡിഷണൽ സെക്രട്ടറി (ധനകാര്യം)

സ്വീകർത്താക്കൾ:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(ഫയൽ നം.2797620/എസ് എഫ് സി ബി1/153/2024-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം I

## 2024 ജൂലൈ മാസത്തിൽ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | കർഷക തൊഴിലാളി പെൻഷൻ | 5763 | 9124800 | 13419 | 21140400 | 19182 | 30265200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 154905 | 224666700 | 167613 | 251536800 | 322518 | 476203500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 17840 | 27828500 | 19704 | 30863200 | 37544 | 58691700 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3824 | 5978400 | 5660 | 8848000 | 9484 | 14826400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 69139 | 100751300 | 63917 | 99695700 | 133056 | 200447000 |
| | **ആകെ** | 251471 | 368349700 | 270313 | 412084100 | 521784 | 780433800 |

| | | | | | | | |
|---|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | കർഷക തൊഴിലാളി പെൻഷൻ | 1702 | 2690200 | 1120 | 1774000 | 2822 | 4464200 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 127592 | 182681100 | 71462 | 109533200 | 199054 | 292214300 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16333 | 25473900 | 6730 | 10594700 | 23063 | 36068600 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 4778 | 7455800 | 3181 | 4985600 | 7959 | 12441400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 71323 | 102954200 | 22602 | 35339700 | 93925 | 138293900 |
| | **ആകെ** | 221728 | 321255200 | 105095 | 162227200 | 326823 | 483482400 |
| ഗ്രാമപഞ്ചായത്ത് | കർഷക തൊഴിലാളി പെൻഷൻ | 109199 | 170927400 | 191961 | 301198600 | 301160 | 472126000 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1197320 | 1690343500 | 1064660 | 1587495000 | 2261980 | 3277838500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 168202 | 262610900 | 166276 | 261147200 | 334478 | 523758100 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 27924 | 43649400 | 37501 | 58560600 | 65425 | 102210000 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 609201 | 873504200 | 491393 | 766866100 | 1100594 | 1640370300 |
| | **ആകെ** | 2111846 | 3041035400 | 1951791 | 2975267500 | 4063637 | 6016302900 |
| **ആകെ മൊത്തം** | | 2585045 | 3730640300 | 2327199 | 3549578800 | 4912244 | 7280219100 |

**അനുബന്ധം II**

| **പെൻഷൻ ഇനം** | എണ്ണം | തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 323164 | 506855400 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2783552 | 4046256300 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 395085 | 618518400 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 82868 | 129477800 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1327575 | 1979111200 |
| **ആകെ** | **4912244** | **7280219100** |

## അനുബന്ധം III

2024 ജൂലൈ മാസത്തിൽ എൻ.എസ്.എ.പി പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് | | ഡി ടു എച്ച് | | ആകെ | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് താഴെ) | 29959 | 5991800 | | | 29959 | 5991800 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ) | 6659 | 3329500 | | | 6659 | 3329500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ(2 235-02-101-54-01) | 1055 | 316500 | 464 | 139200 | 1519 | 455700 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (2235-60-102-8801) | 26437 | 7931100 | 1835 | 550500 | 28272 | 8481600 |
| | ആകെ | **64110** | **17568900** | **2299** | **689700** | **66409** | **18258600** |

| | | | | | | | |
|---|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് താഴെ) | 33493 | 6698600 | | | 33493 | 6698600 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ) | 7021 | 3510500 | | | 7021 | 3510500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ(2 235-02-101-54-01) | 933 | 279900 | 111 | 33300 | 1044 | 313200 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (2235-60-102-8801) | 26352 | 7905600 | 535 | 160500 | 26887 | 8066100 |
| | ആകെ | **67799** | **18394600** | **646** | **193800** | **68445** | **18588400** |
| ഗ്രാമ പഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് താഴെ) | 278580 | 55716000 | | | 278580 | 55716000 |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ) | 60733 | 30366500 | | | 60733 | 30366500 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (2235- | 11031 | 3309300 | 5058 | 1517400 | 16089 | 4826700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 02-101-54-01) | | | | | | |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (2235-60-102-8801) | 262398 | 78719400 | 3158 | 947400 | 265556 | 79666800 |
| | ആകെ | 612742 | 168111200 | 8216 | 2464800 | 620958 | 170576000 |
| | **ആകെ മൊത്തം** | **744651** | **204074700** | **11161** | **3348300** | **755812** | **207423000** |

| അനുബന്ധം IV-എൻ എസ് എ പി | | |
|---|---|---|
| **പെൻഷൻ ഇനം** | **എണ്ണം** | **തുക** |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 416445 | 105612900 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 18652 | 5595600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 320715 | 96214500 |
| ആകെ | **755812** | **207423000** |